## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5998 — 04/11/2016 ൽ മറുപടിക്ക്

### റീ-സർവ്വേ നടപടി

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റീസർവ്വേ എത്ര വില്ലേജുകളിൽ പൂർത്തിയായി എന്നറിയിക്കുമോ; ഇതുവരെ പൂർത്തിയായ റീസർവ്വേ റിക്കാർഡുകൾ അടിസ്ഥാന രേഖയായി റവന്യൂ വകുപ്പും കോടതികളും അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സർവ്വെ അതിരടയാള നിയമത്തിലെ 13 ാം വകുപ്പുപ്രകാരം ഗസറ്റിൽ പരസ്യപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കിയ റിക്കാർഡുകൾ ഒരു സിവിൽ കോടതിവിധി പ്രകാരം ഭേദപ്പെടുത്താത്തപക്ഷം ആ സർവ്വേ റിക്കാർഡ് അതിർത്തികൾ നിർണ്ണയിച്ചതും രേഖപ്പെടുത്തിയതും ശരിയായി തന്നെ നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തുവെന്നുള്ളതിന് അനിഷേധ്യമായ തെളിവായിരിക്കുന്നതാണ്. ടി റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തിയാണ് റവന്യൂ വകുപ്പിൽ ഭൂമി സംബന്ധമായ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിച്ച് വരുന്നത്.

(ബി) റീസർവ്വേ കഴിഞ്ഞ് പത്ത് വർഷം കഴിഞ്ഞുള്ള പരാതികളിൽ സർവ്വേ ഡിപ്പാർട്ട്മെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്;

(ബി) റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നത് ജി.ഒ(എം.എസ്) 200/2010/റവന്യൂ ഉത്തരവ് പ്രകാരം അതാത് താലൂക്ക് അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിലാണ്. ടി പരാതികളിൽ മേൽ ഉള്ള സർവ്വെ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ വകുപ്പിൽനിന്നും നിയോഗിച്ചു വരുന്നു.

| | | |
|---|---|---|
| (സി) റീസർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഡി) സംസ്ഥാനത്ത് സർവ്വേയർ-മാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് പോസ്റ്റ് ക്രിയേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | |

സെക്ഷൻ ഓഫീസർ